# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 03/2023
# 18.06.2023 എ.കെ.ജി.സി ടി ഭവൻ തിരുവനന്തപുരം.

## മിനിട്സ്

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്
3. ജില്ലാ റിപ്പോർട്ടിംഗ്
4. മെമ്പർഷിപ്പ്
5. ഐഫെക്ടോ
6. യൂണിറ്റ് വിസിറ്റ്
7. സെനറ്റ് തെരഞ്ഞെടുപ്പ്
8. വിവിധ സബ് കമ്മറ്റികൾ
9. ആവശ്യമായ മറ്റുകാര്യങ്ങൾ

**ഹാജർ**

ഡോ. പി. പി. പ്രകാശൻ, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ.ഗീതാ നമ്പ്യാർ എം.കെ, ഡോ. വിനു ഭാസ്കർ ,ഡോ. എം. എസ്. മുരളി, രഘുദാസ് പി. വി., ശശി.സി.ടി,ഡോ. സുമി ജോയി ഓലിയപുറം, ഡോ. ടി. എ. ആനന്ദ്, ഡോ.ദിനേശ് കുമാർ, ഡോ.കെ.മാണിക്യരാജ്, ഡോ.എ.ബാലകൃഷ്ണൻ, ഡോ. റിജുലാൽ ജി, ഡോ.ആർ.പ്രഗാഷ്,ഡോ. രഞ്ജിത് മോഹൻ പി., അനൂപ് ജെ ആലക്കപ്പള്ളി, ആൽബർട്ട് ആന്റണി ടി., രജിത സി. ആർ., ഡോ. വിഷ്ണു വി. എസ്., ഡോ.എം.എ.അസ്കർ, സജിത്കുമാർ പി, സൗമ്യ.എസ്, ആസിഫ് ഇക്ബാൽ കാക്കശ്ശേരി, ഡോ. ഷാനവാസ്പി.എച്ച്, ഡോ.ഗായത്രിദേവി, ഡോ. റോസ്നിക്സ് പി.കെ, ഡോ. ജയരാജ് ജെ, സുശാന്ത് പി., ഡോ.അശോക് ബി., സോബിൻ വർഗ്ഗീസ്, ഡോ.ശരത്.എസ്., ഡോ.ഉദയകുമാർ, ഡോ.മുഹമ്മദ് ബഷീർകെ.കെ, ഡോ. മഞ്ജുള കെ.പി., ഡോ.സുജ.റ്റി.വി,ഡോ.പ്രിൻസ്.പി.ആർ,ഡോ.അജി.പി.എൽ, ഡോ. ഷജിലാ ബീവി, ഡോ. സെനോ ജോസ്, ഡോ. ചന്ദ്രമോഹൻ.കെ.ടി, ഡോ.സി.പി. ബേബി ഷീബ, ഡോ. പ്രദീപ് കുമാർ, ഡോ. കെ. റഹിം.

രാവിലെ 10 മണിക്ക് എ.കെ.ജി.സി.ടി ഭവനിൽ ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡണ്ട് ഡോ. പി. പി. പ്രകാശൻ ആധ്യക്ഷ്യം വഹിച്ചു.സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ.ഗീതാനമ്പ്യാർ എം.കെ അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

അമൽ ജ്യോതി എഞ്ചിനിയറിംഗ് കോളേജിൽ ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞ വിദ്യാർത്ഥിനി ശ്രദ്ധ സതീഷ്,മണിപ്പൂരിൽ കലാപകാരികളുടെ ആക്രമണത്തിൽ മരണമടഞ്ഞവർ, തിരുവനന്തപുരം കിൻഫ്രയിൽ തീപിടിത്തം നിയന്ത്രണ വിധേയമാക്കുന്നതിനിടയിൽ മരണമടഞ്ഞ അഗ്നിശമന സേനാംഗം ജെ.എസ്.രഞ്ജിത്ത്, തെരുവ് നായ ആക്രമണത്തിൽ മരണമടഞ്ഞ ഭിന്നശേഷി ബാലൻ നിഹാൽ, പ്രമുഖചലച്ചിത്ര ടെലിവിഷൻ നടൻ കൊല്ലം സുധി,ചലച്ചിത്ര താരം ശരത്ത് ബാബു തുടങ്ങിയവരുടെ വേർപാടിൽ എ.കെ.ജി.സി.ടി സംസ്ഥാന പ്രവർത്തക സമിതി യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ,

സർക്കാർ കോളേജുകളിലെ പ്രിൻസിപ്പൽ നിയമനം സംബസിച്ച് അധ്യാപകരിൽ നിന്നും ലഭിച്ച പരാതികളിൽ തീരുമാനം എടുക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് സെലക്ഷൻ കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. അധ്യാപകരിൽ നിന്നും ലഭിച്ച പരാതികളും ,മുഴുവൻ അപേക്ഷകളും പ്രസ്തുത സമിതി പരിശോധിക്കുന്നതും അർഹരായ മുഴുവൻ ആൾക്കാരേയും ഉൾപ്പെടുത്തി എത്രയും വേഗം പ്രിൻസിപ്പൽ നിയമനം നടത്തുന്നതുമാണ്. പ്രൊഫസർ നിയമനം സംബന്ധിച്ച് 62 അധ്യാപകരുടെ ഉത്തരവ് ഇറങ്ങി. മുഴുവൻ പരാതികളും അപേക്ഷയും പരിശോധിച്ച് അർഹരായ എല്ലാവർക്കും പ്രൊഫസർഷിപ്പ് ലഭിക്കാൻ വേണ്ട ഇടപെടൽ സംഘടന നടത്തുന്നതാണ്. ഇനിയും പ്ലെയ്സ്മെന്റ് ലഭിക്കാനുള്ളവരുടെ വിവരങ്ങൾ എത്രയും വേഗം ജില്ലാ സെക്രട്ടറിമാർ സംസ്ഥാന കമ്മറ്റിക്ക് നൽകേണ്ടതാണ്. പുതിയ പ്ലെയ്സ്മെന്റുകൾ സംബന്ധിച്ച് നോട്ടിഫിക്കേഷൻ ഇറങ്ങിയിട്ടുണ്ട്. പ്രൊഫസർഷിപ്പിന്റെ നോട്ടിഫിക്കേഷൻ ഇത് സംബന്ധിച്ച മാർഗ്ഗരേഖ തയ്യാറായി കഴിഞ്ഞാലുടൻ ഇറങ്ങുന്നതാണ്. സംഘടനയുടെ ആലപ്പുഴ ജില്ലാകമ്മറ്റി രൂപീകരിച്ചത് ഏറെ അഭിമാനകരമാണ്. പുതിയ ജില്ലാ സെക്രട്ടറി ഡോ. മോത്തി ജോർജ്ജിനെ കമ്മറ്റിയിലേക്ക് സ്വാഗതം ചെയ്യുന്നു .അറബിക് അധ്യാപകരുടെ വിഷയത്തിലും സംഗീത കോളേജ് അധ്യാപകരുടെ യു.ജി.സി വിഷയത്തിലും സംഘടന ധനകാര്യ വകുപ്പിന് വീണ്ടും കത്ത് നൽകിയിട്ടുണ്ട്.മെമ്പർഷിപ്പ് തുക, യൂണിറ്റ് വിസിറ്റ് എന്നിവ സംബന്ധിച്ച് ഇന്ന് തീരുമാനമെടുക്കേണ്ടതുണ്ട്. സംഘടനാ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി യൂണിറ്റ്/ജില്ലാ കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിൽ നമ്മൾ ശ്രദ്ധിക്കണം. മഹാരാജാസ് കോളേജ് വിഷയത്തിൽ നമ്മുടെ അംഗങ്ങളെ നേരിട്ട് വിളിച്ച് കാര്യങ്ങൾ അറിയുകയും ഇതേ തുടർന്ന് എറണാകുളം ജില്ലാ സെക്രട്ടറി സംഘടനാ നിലപാട് വ്യക്തമാക്കികൊണ്ട് പ്രസ്താവന നൽകുകയും ചെയ്തു.നമ്മുടെ സഹകരണസംഘത്തിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനാവശ്യമായ ഇടപെടൽ നാം നടത്തണം.ഖാദി ബോർഡിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ഖാദി വസ്ത്രങ്ങളുടെ പ്രചാരണത്തിലും നാം പങ്കെടുക്കണം.ഈ വർഷത്തെ പൊതുസ്ഥലംമാറ്റത്തിന്റെ കരട് ലിസ്റ്റ് ഉടൻ ഇറങ്ങുന്നതാണ്. കേരള /കാലിക്കറ്റ്, സെനറ്റ് ഇലക്ഷനിൽ സംഘടനയ്ക്ക് മികച്ച വിജയം നേടാനായെങ്കിലും ഓരോ മേഖലയിലും സംഘടനക്ക് ലഭിക്കേണ്ടിയിരുന്ന വോട്ടുകൾ കൃത്യമായി നേടാൻ സാധിച്ചോ എന്ന കാര്യം വിശദമായി പരിശോധിക്കേണ്ടതുണ്ട്.. ഡി.എ., യു.ജി.സി. അരിയർ, പി.എച്ച്.ഡി അഡ്വാൻസ് ഇൻക്രിമെന്റ് വിഷയങ്ങളിൽ നാം വീണ്ടും സജീവ ഇടപെടൽ നടത്തേണ്ടതുണ്ട്.ജൂൺ 9, 10 തീയ്യതികളിൽ നാഗാലാന്റിലെ കൊഹിമയിൽ ചേർന്ന ഐഫെക്ടോ യോഗം, കേന്ദ്ര സർക്കാരിന്റെ തെറ്റായ വിദ്യാഭ്യാസനയത്തിനും, വിദ്യാഭ്യാസ മേഖലയുടെ വർഗ്ഗീയ- കോർപ്പറേറ്റ് നയത്തിനെതിരെയും ആഗസ്റ്റ് 1 ന് സംസ്ഥാന തലത്തിലും സെപ്റ്റംബർ 13ന് രാജ്യ തലസ്ഥാനത്തും വിപുലമായ പ്രക്ഷോഭ പരിപാടികൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് ജില്ലാ റിപ്പോർട്ടിംഗും അജണ്ടകളിമേൽ വിശദമായ ചർച്ചയും നടന്നു. തുടർന്ന് താഴെ പറയുന്ന തീരുമാനങ്ങളെടുത്തു.

**തീരുമാനങ്ങൾ**

1. സംഘടനയുടെ മെമ്പർഷിപ്പ് തുക 1500 ആക്കാനും എത്രയും വേഗം മെമ്പർഷിപ്പ് പ്രർത്തനം ആരംഭിക്കുവാനും തീരുമാനിച്ചു.

2. മ്യൂസിക് കോളേജ് അധ്യാപകരുടെ യു.ജി.സി ,അറബിക് അധ്യാപകരുടെ സർവ്വീസ് വിഷയം, നമുക്ക് ലഭിക്കാനുള്ള ഡി.എ, യു.ജി.സി അരിയർ ,പി.എച്ച്.ഡി അഡ്വാൻസ് ഇൻക്രിമെന്റ് ,എൻ.പി.എസ് വിഷയത്തിൽ സംഘടന വീണ്ടും ആവശ്യമായ ഇടപെടൽ നടത്തും.
3. യൂണിറ്റ് സന്ദർശനം ആഗസ്റ്റ് 31നകം പൂർത്തീകരിക്കുവാൻ തീരുമാനിച്ചു.
4. ജൂലൈ മാസത്തിൽ എ.കെ.ജി.സി.ടി മീഡിയാ സെമിനാർ നടത്താൻ തീരുമാനിച്ചു.
5. വെബ്സൈറ്റിന്റെ ചുമതല ഡോ.വിഷ്ണു വി.എസ് ന് നൽകാൻ തീരുമാനിച്ചു.
6. അക്കാദമിക് ഡയറി ജൂലൈ 5 നകം യൂണിറ്റുകളിൽ എത്തിക്കണം'
7. മീഡിയാ സെല്ലിന്റെ സംസ്ഥാനതല ചുമതല ഡോ. വിനുഭാസ്കറിന് നൽകി.
8. കോളേജുകളുടെ ഭൗതിക സാഹചര്യം വികസിപ്പിക്കുന്നതിനുള്ള ഫണ്ട് സമാഹരണം, ഒട്ടോണമസ് കോളേജുകൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ എന്നിവ പഠിക്കുവാൻ എ.സി.എസ്.എസ്.ആറിനെ ചുമതലപ്പെടുത്തി.
9. അക്കാദമിക് സമിതിയുടെ നേതൃത്വത്തിൽ പുതിയ കരിക്കുലം ഡ്രാഫ്റ്റ് പരിശോധിച്ച് അഭിപ്രായ രൂപീകരണം നടത്താൻ തീരുമാനിച്ചു.
10. കേന്ദ്ര സർക്കാരിന്റെ തെറ്റായ വിദ്യാഭ്യാസനയത്തിനും, വിദ്യാഭ്യാസ മേഖലയുടെ വർഗ്ഗീയ- കോർപ്പറേറ്റ് നയത്തിനെതിരെയും ആഗസ്റ്റ് 1 ന് സംസ്ഥാന തലത്തിൽ പ്രക്ഷോഭം സംഘടിപ്പിക്കുവാനും സെപ്റ്റംബർ 13ന് രാജ്യ തലസ്ഥാനത്ത് നടക്കുന്ന പ്രക്ഷോഭ പരിപാടിയിൽ സംഘടനയുടെ മതിയായ പ്രാധിനിത്യം ഉറപ്പാക്കുവാനും തീരുമാനിച്ചു.
11. താഴെ പറയും പ്രകാരം സർവ്വീസ് സെൽ ചുമതല നൽകി.

    കണ്ണൂർ സർവ്വകലാശാല - ഡോ.ഗായത്രിദേവി, സൗമ്യ.എസ്
    കാലിക്കറ്റ് - ഡോ.ബി.അശോക്, ഡോ.വിഷ്ണു വി.എസ്
    എം.ജി - ഡോ. പി. എ ബാലകൃഷ്ണൻ, ഡോ.അജി പി.എൽ
    കേരള - ഡോ.റോസ്നിക്സ്, ഡോ.മാണിക്യരാജ്
    സെക്രട്ടറിയേറ്റ് - ഡോ.റോസ്നിക്സ്, ഡോ.മാണിക്യരാജ്

യോഗം 4 മണിക്ക് അവസാനിച്ചു

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
18-06-2023

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി